# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.03.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യൻ സംഘർഷം മൂലമുള്ള പ്രതിസന്ധി മറികടക്കാൻ സംസ്ഥാനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുമെന്നും ടീം ഇന്ത്യ സമീപനവുമായി മുന്നോട്ടു പോകുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi expressed confidence that by working together as Team India, the country would successfully navigate the emerging West Asian challenges.**

2. പ്രതിസന്ധി രാജ്യത്തെ പെട്രോളിയം ശേഖരത്തെ ബാധിച്ചിട്ടില്ലെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah said that the crisis has not affected the country's petroleum reserves and there is no need to worry.**

3. ഹോർമുസ് കടലിടുക്കിലൂടെ മാനുഷിക സഹായവും കാർഷിക കയറ്റുമതിയും അനുവദിക്കണമെന്ന ഐക്യരാഷ്ട്രസഭയുടെ അഭ്യർത്ഥന അംഗീകരിച്ച് ഇറാൻ.

   **Iran has accepted the United Nations' request to allow humanitarian aid and agricultural exports through the Strait of Hormuz.**

4. സൈനിക ശേഷി വർധിപ്പിക്കാൻ 2.38 ലക്ഷം കോടി രൂപയുടെ പ്രതിരോധ സംഭരണ പദ്ധതികൾക്ക് അംഗീകാരം നൽകി കേന്ദ്ര സർക്കാർ.

   **The central government has approved defense procurement worth Rs 2.38 lakh crore to strengthen the military capabilities.**

5. നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രി നാളെ കേരളത്തിലെത്തും; മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പാലക്കാട് പ്രചാരണം നടത്തും;

തിരുവനന്തപുരത്ത് പ്രചാരണ പരിപാടികളിൽ പങ്കെടുത്ത് പ്രതിപക്ഷനേതാവ് വി ഡി സതീശൻ.

**The Prime Minister will arrive in Kerala tomorrow for the assembly election campaign; Chief Minister Pinarayi Vijayan will campaign in Palakkad today; Opposition Leader VD Satheesan participated in campaign programs in Thiruvananthapuram.**

6. ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് ടൂർണമെൻറിന് ഇന്ന് തുടക്കം; ഉദ്ഘാടന മത്സരത്തിൽ ബെംഗളൂരു-ഹൈദരാബാദിനെ നേരിടും.

**Indian Premier League cricket tournament begins today; Bengaluru to take on Hyderabad in the opening match.**

**&&&&&&&&&&&&&&&**

## PM MODI MEETING (INTRO)

പശ്ചിമേഷ്യൻ സംഘർഷം മൂലമുള്ള പ്രതിസന്ധി മറികടക്കാൻ സംസ്ഥാനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുമെന്നും ടീം ഇന്ത്യ സമീപനവുമായി മുന്നോട്ടു പോകുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. വെല്ലുവിളികളെ രാജ്യം ഒറ്റക്കെട്ടായി തരണം ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി. സംസ്ഥാന- കേന്ദ്രഭരണ പ്രദേശങ്ങളിലെ മുഖ്യമന്ത്രിമാർ പങ്കെടുത്ത ഓൺലൈൻ യോഗത്തിൽ സംസാരിയ്ക്കുകയായിരുന്നു അദ്ദേഹം. വിശദാംശങ്ങളിലേക്ക്...
(വോയ്സ്)

## PM MODI MEETING (VOICE)

സാമ്പത്തിക, വ്യാപാര സ്ഥിരത നിലനിർത്തുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക, പൗരന്മാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്നിവയാണ് രാജ്യത്തിൻ്റെ മുൻഗണനകളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ നടന്ന യോഗത്തിൽ പറഞ്ഞു. നിലവിലെ ആഗോള പ്രതിസന്ധി നേരിടാൻ രാജ്യം ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. സഹകരണ മനോഭാവത്തിലൂടെയും കൂട്ടായ ഉത്തരവാദിത്തത്തിലൂടെയും ടീം ഇന്ത്യ ആയി പ്രവർത്തിക്കാനാകുമെന്നും ഇതിലൂടെ ആഗോള പ്രതിസന്ധികളെ ഫലപ്രദമായി നേരിടാനാകുമെന്നും അദ്ദേഹം പറഞ്ഞു. സ്ഥിതിഗതികൾ അതിവേഗം മാറിക്കൊണ്ടിരിക്കുന്നതിനാൽ

ജാഗ്രതയും ദ്രുത പ്രതികരണവും ആവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി. കോവിഡ് മഹാമാരിക്കാലത്ത് കേന്ദ്രവും സംസ്ഥാനങ്ങളും ഒരുമിച്ച് പ്രവർത്തിച്ച് വിതരണ ശൃംഖലകൾ സുഗമമാക്കിയത് അദ്ദേഹം അനുസ്മരിച്ചു. കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പ്പിനും തെറ്റായ പ്രചാരവേലകൾക്കുമെതിരെ കർശന നടപടി സ്വീകരിക്കാൻ സംസ്ഥാനങ്ങളോട് അദ്ദേഹം നിർദേശിച്ചു. സംസ്ഥാന-ജില്ലാതലങ്ങളിൽ കൺട്രോൾ റൂമുകൾ സജീവമാക്കി സ്ഥിതിഗതികൾ നിരീക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഖാരിഫ് സീസണ് മുന്നോടിയായി കാർഷിക മേഖലയിൽ ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ന്യൂസ് ഡെസ്ക് ആകാശവാണി...

&&&&&&&&&&&&&&

**SHAH-WEST ASIA**

പശ്ചിമേഷ്യൻ പ്രതിസന്ധി രാജ്യത്തെ ഇന്ധന ശേഖരത്തെ ബാധിച്ചിട്ടില്ലെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും കേന്ദ്ര മന്ത്രി അമിത് ഷാ. 42 രാജ്യങ്ങളിൽ നിന്നായി ഇന്ത്യ പെട്രോളിയം ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നുണ്ടെന്നും വിതരണ ശൃംഖല ശക്തമായി തുടരുന്നുണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ നടന്ന ഒരു പരിപാടിയിൽ വ്യക്തമാക്കി.

&&&&&&&&&&&&&&

**MEA BRIEFING (INTRO)**

എൽപിജിയുമായി നാല് കപ്പലുകൾ ഹോർമുസ് കടലിടുക്ക് കടന്ന് ഇന്ത്യയിലെത്തിയതായി വിദേശകാര്യ മന്ത്രാലയം. ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സുരക്ഷിതമായ കപ്പൽ ഗതാഗതം ഉറപ്പാക്കാൻ, ഇന്ത്യ എല്ലാ രാജ്യങ്ങളുമായും ബന്ധം തുടരുകയാണെന്നും ന്യൂഡൽഹിയിൽ വിദേശ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&

**IRAN-HORMUZ**

ഹോർമുസ് കടലിടുക്ക് വഴിയുള്ള മാനുഷിക സഹായം സുഗമമാക്കാൻ സമ്മതിച്ച് ഇറാൻ. ഹോർമുസ്

കടലിടുക്കിലൂടെയുള്ള മാനുഷിക സഹായവും കാർഷിക കയറ്റുമതിയും അനുവദിക്കണമെന്ന ഐക്യരാഷ്ട്രസഭയുടെ അഭ്യർത്ഥന ടെഹ്റാൻ അംഗീകരിച്ചതായി ഐക്യരാഷ്ട്രസഭയിലെ ഇറാൻ അംബാസഡർ അലി ബഹ്‌റൈനി ജനീവയിൽ അറിയിച്ചു. മാനുഷിക ഉദ്യമങ്ങളെ പിന്തുണയ്ക്കുന്നതിനും അവശ്യ സഹായം ഉറപ്പാക്കുന്നതിനുമുള്ള ഇറാൻറെ പ്രതിബദ്ധതയാണ് നടപടി പ്രതിഫലിപ്പിക്കുന്നതെന്ന് ബഹ്‌റൈനി സമൂഹമാധ്യമത്തിൽ അറിയിച്ചു.

&&&&&&&&&&&&&&

## PM NOIDA AIRPORT

ഉത്തർപ്രദേശിലെ ജെവാറിൽ നോയിഡ അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ ആദ്യഘട്ടം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും. ഏകദേശം 11,200 കോടി രൂപ ചിലവിലാണ് വിമാനത്താവളത്തിൻറെ നിർമ്മാണം പൂർത്തിയാക്കിയത്.

&&&&&&&&&&&&&&

## VP-JHARKHAND VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് ഝാർഖണ്ഡ് സന്ദർശിക്കും. റാഞ്ചിയിൽ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ 15-ാമത് ബിരുദദാന ചടങ്ങിലും വെർച്വൽ റിയാലിറ്റി കേസ് റിപ്പോസിറ്ററിയുടെ ഉദ്ഘാടനത്തിലും ഉപരാഷ്ട്രപതി പങ്കെടുക്കും. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ, മുഖ്യമന്ത്രി ഹേമന്ത് സോറൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. സാമൂഹ്യ പരിഷ്ക്കർത്താവായ ബിർസ മുണ്ടയുടെ ഉലിഹാത്തു ഗ്രാമത്തിലെ ജന്മസ്ഥലം സന്ദർശിക്കുന്ന ഉപരാഷ്ട്രപതി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കും.

&&&&&&&&&&&&&&

## DEFENCE CAPABILITIES

സൈനിക ശേഷി വർധിപ്പിക്കുന്നതിനായി 2.38 ലക്ഷം കോടി രൂപയുടെ പ്രതിരോധ സംഭരണ പദ്ധതികൾക്ക് അംഗീകാരം നൽകി കേന്ദ്ര സർക്കാർ. പ്രതിരോധ മന്ത്രി രാജ്നാഥ് സിങിന്റെ അധ്യക്ഷതയിൽ ചേർന്ന ഡിഫൻസ് അക്വിസിഷൻ കൗൺസിൽ യോഗമാണ് കരസേന, വ്യോമസേന, കോസ്റ്റ് ഗാർഡ്

എന്നിവയ്ക്കായി അത്യാധുനിക ആയുധങ്ങളും സംവിധാനങ്ങളും വാങ്ങാൻ 'അക്സപ്റ്റൻസ് ഓഫ് നെസസിറ്റി' ക്ക് അംഗീകാരം നൽകിയത്. ഇതിൽ എസ്-400 മിസൈൽ സംവിധാനങ്ങൾ, ഇടത്തരം ഗതാഗത വിമാനങ്ങൾ, ആക്രമണ ഡ്രോണുകൾ, ആധുനിക പീരങ്കികൾ എന്നിവ ഉൾപ്പെടുന്നു.

&&&&&&&&&&&&&&

## PARLIAMENT

ധനകാര്യ ബില്ലിനും ധനവിനിയോഗ ബില്ലിനും പാർലമെന്റ് അംഗീകാരം നൽകി. ബില്ലുകൾ രാജ്യസഭ പരിഗണിച്ച ശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കി തിരിച്ചയച്ചു. ഇരു ബില്ലുകളും ലോക്സഭ നേരത്തെ പാസാക്കിയിരുന്നു. ധനമന്ത്രി നിർമല സീതാരാമൻ ചർച്ചകൾക്ക് മറുപടി നൽകി. രണ്ട് ദിവസത്തെ ഇടവേളയ്ക്ക് ശേഷം പാർലമെന്റ് തിങ്കളാഴ്ച്ച വീണ്ടും ചേരും.

&&&&&&&&&&&&&&

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ. പരിപാടിയുടെ 132 -ആം പതിപ്പാണിത്. ദൂരദർശനും ആകാശവാണിയുടെ എല്ലാ നിലയങ്ങളും പരിപാടി പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&

## SHAH - SIR

വ്യാജ രേഖകൾ ഉപയോഗിച്ച് വോട്ടർ പട്ടികയിൽ ഇടം നേടിയവരെ കണ്ടെത്തുക എന്നതാണ് തീവ്ര വോട്ടർ പട്ടികയുടെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ. ഇന്നലെ ന്യൂ ഡൽഹിയിൽ നടന്ന ഒരു സ്വകാര്യ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദേഹം. തമിഴ് നാടും കേരളവും ഉൾപ്പടെ നിരവധി സംസ്ഥാനങ്ങളിൽ അധികം ആശങ്കകൾ ഇല്ലാതെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം പൂർത്തിയാക്കാനായെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&

## ELECTION UPDATES (INTRO)

ഇനി പതിനൊന്നു ദിവസം കൂടി പരസ്യ പ്രചാരണം അവശേഷിച്ചിരിക്കെ സംസ്ഥാനത്തെ നിയമസഭാ തെരഞ്ഞെടുപ്പു പ്രചാരണം അതിന്റെ ഉച്ചസ്ഥായിയിലേക്കു നീങ്ങുന്നു.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.... (വോയ്സ്)**

**&&&&&&&&&&&&&&**

## PM - KERALA VISIT

നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിൻ്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് നാളെ കേരളത്തിൽ രണ്ടു പരിപാടികൾ. ഉച്ചയ്ക്ക് രണ്ടിന് പാലക്കാട്ടുനടക്കുന്ന എൻ.ഡി.എ. പൊതുസമ്മേളനമാണ് ആദ്യപരിപാടി. വൈകീട്ട് നാലിന് തൃശ്ശൂർ സ്വരാജ് റൗണ്ടിലെ റോഡ് ഷോയിലും പ്രധാനമന്ത്രി പങ്കെടുക്കും. പ്രധാനമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ എയർ സ്പേയ്സിൽ പ്രൈവറ്റ് ഹെലികോപ്റ്റർ, ഡ്രോൺ, ഹാംഗ് ഗ്ലൈഡറുകൾ എന്നിവയുടെ ഉപയോഗം മാർച്ച് 29 ന് ഉച്ചയ്ക്ക് ഒരു മണി മുതൽ വൈകിട്ട് 7 മണി വരെ നിരോധിച്ചു കൊണ്ട് ജില്ലാ കളക്ടർ ഉത്തരവിറക്കി.

**&&&&&&&&&&&&&&**

## SMRITI IRANI

കഴക്കൂട്ടം നിയമസഭാ മണ്ഡലം എൻ ഡി എ സ്ഥാനാർത്ഥി വി. മുരളീധരൻറെ തെരഞ്ഞെടുപ്പു കൺവെൻഷൻ മുൻ കേന്ദ്ര മന്ത്രി സ്മൃതി ഇറാനി ഇന്നു വൈകിട്ട് തിരുവനന്തപുരം ഉള്ളൂരിൽ ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷ നേതാവ് വിഡി സതീശൻ ഇന്നലെ തിരുവനന്തപുരം മണ്ഡലം യുഡിഎഫ് സ്ഥാനാർത്ഥി സിപി ജോണിൻറെ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

**&&&&&&&&&&&&&&**

## IPL - SECOND PHASE

ഈ വർഷത്തെ ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റ് ടൂർണമെൻറിന് ഇന്ന് തുടക്കം. ബെംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകുന്നേരം 7.30 ന് ആരംഭിക്കുന്ന ആദ്യ മത്സരത്തിൽ,

നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

&&&&&&&&&&&&&&

## ASIA CUP RANKING TOURNAMENT

ഇന്നലെ ബാങ്കോക്കിൽ നടന്ന ഏഷ്യ കപ്പ് ലോക റാങ്കിങ് ടൂർണമെന്റ് അമ്പെയ്ത്ത് മത്സരങ്ങളിൽ ഇന്ത്യ പത്ത് മെഡലുകൾ നേടി. ഇൻഡിയുടെ മിക്സഡ് ടീം സ്വർണ്ണം നേടിയപ്പോൾ പുരുഷ വ്യക്തിഗത ഇനത്തിൽ മൂന്നു മെഡലുകളും ഇന്ത്യ സ്വന്തമാക്കി. മത്സരത്തിൽ രണ്ട് സ്വർണ്ണവും നാല് വെള്ളിയും നാല് വെങ്കലവും ഇന്ത്യക്കു ലഭിച്ചു.

&&&&&&&&&&&&&&

## SHUBHAMSHU SUKLA

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ ആദ്യ ഇന്ത്യക്കാരനെന്ന ചരിത്രം സൃഷ്ടിച്ച ബഹിരാകാശയാത്രികൻ ശുഭാംശു ശുക്ല ഇന്ന് തിരുവനന്തപുരത്ത് എത്തും. ഗവർണർ രാജേന്ദ്ര് വിശ്വനാഥ് ആർലേക്കറുടെ അതിഥിയായാണ് അദ്ദേഹം ലോക് ഭവനിൽ എത്തുന്നത്.

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&&&&